## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4248 — 25/06/2014 ൽ മറുപടിയ്ക്ക്

### പിന്നോക്കവിഭാഗത്തിലെ നിയമബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നോക്ക വിഭാഗത്തിലെ നിയമബിരുദ ധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) യും (സി) യും | ഒ.ബി.സി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദ ധാരികൾക്ക് അഭിഭാഷക ജോലിയിൽ തുടക്കം കുറിയ്ക്കുന്നതിനും ജുഡീഷ്യൽ ആഫീസർ മാരായി ഉയരുന്നതിനും കോടതികളിൽ പിന്നാക്കവിഭാഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹി പ്പിക്കുന്നതിനും, പദ്ധതി ലക്ഷ്യമിടുന്നു. "അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്ത, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക്" പ്രാക്ടീസ് ആരംഭിക്കുന്നതിന് യൂണിഫോം, ബുക്കുകൾ എന്നിവ വാങ്ങുന്നതിന് വർഷം 7500/- രൂപാ വീതം മൂന്ന് വർഷത്തേയ്ക്ക് ഈ പദ്ധതി മുഖേന ധനസഹായം നൽകുന്നു. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | 2012-13 മുതൽ നടപ്പിലാക്കിയ പദ്ധതിയ്ക്കായി സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം നൽകി വരുന്നു.<br>2012-13-ൽ ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ 50 നിയമ ബിരുദ ധാരികൾക്കും 2013-14-ൽ ഈ 50 പേർക്ക് രണ്ടാം ഗഡുവും പുതിയതായി 85 പേർക്ക് ആദ്യഗഡുവും ധനസഹായം നൽകുക യുണ്ടായി. |

Vajan

**സെക്ഷൻ ഓഫീസർ**